# [vinuxavier]™

തറയാവരുതേ എന്ന പ്രാർത്ഥനയോടെ..!

## ബൾബ് !

http://www.vinuxavier.com

“വിൻചേട്ടാ.. വിൻചേട്ടന് പട്ടിക്കുഞ്ഞിനെ വേണാ? നമ്മടെ മോട്ടി ചത്ത് പോയെന്നു ചേട്ടന്റ മമ്മി പറയണ കേട്ടല്ലാ..”

“ഹ! ഇതാരി...ബൾബാ!! നീ തീറ്റ തിന്നു ചൊറിതവള എയറു പിടിച്ചിരിക്കണ സൈസ് ആയിട്ടുണ്ടല്ലോ!!”

“വിൻചേട്ടാ, മോട്ടി എങ്ങനെയാ ചത്ത് പോയത് ? ഫ്രീക്ക് പട്ടി ആയിരുന്നു..”

“അറിഞ്ഞൂടടെ..വല്ല കള്ളന്മാരും വന്നു രാത്രി ഫുഡില് വെഷം കലർത്തി കൊടുത്തതാണെന്ന് ഡൌട്ട് ഉണ്ട്..അല്ലാണ്ട് പെട്ടന്നൊരു ദിവസം പുലിപോലെ നടന്ന പട്ടി ചത്ത് പോകാൻ എന്താ കാരണം ..”

“വിൻചേട്ടന് പട്ടിക്കുഞ്ഞിനെ വേണോ? ഞാൻ നമ്മടെ ക്ലാസ്സിൽ പഠിക്കണ ഒരുത്തന്റെ വീട്ടിൽ നിന്ന് കിടിലം ലാബ്രഡോഗ് കുഞ്ഞിനെ മേടിച്ചോണ്ട് വന്നു തരാം..”

“ബെസ്റ്റ്! ലാബ്രഡോഗ് അല്ലടെ, ലാബ്രഡോർ..”

“ചേട്ടന് വേണോങ്കി പറ ,അഞ്ഞൂറ് രൂവ തന്നാ ഞാൻ രണ്ടു ലാബ്രഡോഗ് ആൺകുഞ്ഞിനെ ഇപ്പ തന്നെ പോയി മേടിച്ചു കൊണ്ടുവന്നു തരും..”

“ഒന്ന് പോയെടെക്കെ,നീ ഈ പറയണ ലാബ്രഡോഗ് എന്ന് പറയുന്ന സാധനത്തിനെ ഈ ജന്മത്തു കണ്ടിട്ടില്ലലല്ലാ ..ഏതേലും ചാവാലിപട്ടീയേം പൊക്കിക്കൊണ്ട് വരാനുള്ള പരിപാടി ആയിരിക്കും .”

“എന്താണ് വിൻചേട്ടാ..! വിൻചേട്ടനേക്ക ഞാൻ എന്തിനാ പററിക്കുന്നെ!!..നമ്മ ഒന്നില്ലെങ്കിലും അയൽവക്കം അല്ലെ! ഞാൻ ഇന്നാളു ഞങ്ങടെ ക്ലാസ്സിൽ ഉള്ള ഒരുത്തനെ പററിച്ചിട്ടുണ്ട്.. അവനു ഞാൻ ഇന്നാളു റോട്ടിൽ കെടന്നുകിട്ടിയ രണ്ടു പട്ടിക്കുഞ്ഞുങ്ങളെ എടുത്തു റോഡ്‌വീലർ ആണെന്ന് പറഞ്ഞു അഞ്ഞൂറ് രൂവയ്ക്ക് വിററു.. കൊറച്ചു ദിവസം കഴിഞ്ഞു അവൻ വന്നു പറഞ്ഞു അതിന്റെ ചെവി രണ്ടും പൊങ്ങി വരുന്നു എന്ന്. അപ്പ ഞാൻ പറഞ്ഞു അത് റോഡ്‌വീലറും നാടനും കൂടി മിക്സ് ആണെന്ന്.. കൊറേ ദിവസം കൂടി കഴിഞ്ഞു അവൻ വന്നു പറഞ്ഞു അതിനു ചാവലിയുടെ മോന്ത തെളിഞ്ഞു വരുന്നുണ്ടെന്നു.! രണ്ടു ദിവസം കഴിഞ്ഞപ്പ അവനും അവന്റെ ചേട്ടനും കൂടി ആ രണ്ടു പട്ടീയേം എന്റെ വീട്ടിൽ കൊണ്ടുവന്നു കെട്ടിയിട്ടു. അന്നിട്ട് ഒടുക്കത്തെ ബഹളം ഉണ്ടാക്കി അവസാനം എന്റെ അപ്പന്റെ കയ്യീന്ന് അഞ്ഞൂറ് രൂവേം വാങ്ങിച്ചോണ്ട് പോയി. അപ്പൻ അന്ന് പത്തല് എടുത്തു പൊതുക്കിയപ്പോ കൈവെച്ചു തടഞ്ഞ കാരണം ദീ കയ്യുടെ തന്തവിരല് അനങ്ങുന്നില്ല! അന്ന് ഞങ്ങ നിർത്തിയതാണ്..”

“ഓഹോ!അപ്പൊ ഇത് നിന്റെ സ്ഥിരം പരിവാടി ആണല്ലേ!”

“ഇല്ല ചേട്ടാ..ഞാൻ നിർത്തിന്നു പറഞ്ഞല്ലാ..വീട്ടിലുള്ള മൂന്നു പട്ടിയാണേ സത്യം!! മറേറ രണ്ടെണ്ണോം പിന്നെ പണ്ട് ഞങ്ങട വീട്ടിൽ ഉണ്ടായിരുന്ന പട്ടീം..”

“ങ്ങ്!ഞാൻ വിചാരിച്ചു നീയും നിന്റെ ചേട്ടനും പിന്നെ നിങ്ങൾടെ ശെരിക്കും പട്ടിയും ആണെന്ന്..”

“ചേട്ടാ,അഡ്വാൻസ് കൊടുക്കാൻ ഒരു നൂറു രൂവ തരാമോ..”

“പോയെണ്ടേ.. രണ്ടു പട്ടിയേം ഇവിടെ കൊണ്ട് വന്നു കണ്ടു ബോധിച്ചാൽ മാത്രം പൈസ തരും..”

“എങ്ങി ഞാൻ പോയി കടം പറഞ്ഞു മേടിക്കാൻ നോക്കാം...”

“ഢ്യാ..ഢ്യാ. ഷോ ഇറക്കാതെ പോയി പട്ടിയേം എടുത്തോണ്ട് വാടെ..”

ബൾബ്.. പരപ്പിലെ കുഞ്ഞു കുരിപ്പുകളിൽ പ്രധാനഐറ്റം ! നാലിലോ അഞ്ചിലോ ആയിട്ടെ ഉള്ളൂ.നമ്മടെ അയൽവാസി ആണ്..ഇവന്റെ ശെരിക്കും പേര് എന്താണെന്ന് നാട്ടിൽ ഒരുത്തന്പോലും അറിയില്ല. പക്ഷെ ബൾബ് എന്ന് പറഞ്ഞാൽ സകലവനും അറിയും..! ഒരു നാലഞ്ച് കൊല്ലം മുന്നേ ഇവൻ തോട്ടിൽ നിന്ന് ഒരു ബൾബ് പൊക്കിക്കോണ്ട് വന്നിട്ട് രൂപക്കൂടിന്റെ അവിടെ വെച്ച സീറോബൾബ് ഇതുവെച്ചു റീപ്ലേസ് ചെയ്യാൻ ഒരു ശ്രമം നടത്തി.! അന്ന് ഒരു സ്മാരകഷോക്ക് കിട്ടി രണ്ടു കയ്യിലും ബൾബും ആയി നിന്ന നിൽപ്പിൽ പടവൻ അടിച്ചുവീണു ബോധം ഇല്ലാതെ കിടക്കണ കണ്ടു ഇവന്റെ അമ്മച്ചി കാറിപ്പൊളിച്ചു നാട്ടുകാർ എല്ലാം ഓടിക്കൂടി ഇവനെ ആശുത്രിയിൽ കൊണ്ടുപോയി രക്ഷിച്ചെടുത്തതാണ്! അന്ന് മുതൽ ആണ് ഇവന്റെ പേര് ബൾബ് എന്നായത്..! പിന്നെ അതോടെ ബൾബിന്റെ വീട്ടുകാരും ഫേമസായി.. അവന്റെ അപ്പൻ ഓടിക്കുന്ന ഓട്ടോറിക്ഷയ്ക്ക് ചക്കരവാവ എന്നൊക്കെ പേര് ഉണ്ടെങ്കിലും ,ബൾബിന്റെ വണ്ടി എന്നെ നാട്ടുകാര് വിളിക്കൂ.. ബൾബിന്റെ സ്കൂള് ,ബൾബ് പഠിക്കണ ക്ലാസ്, കുടുമ്മയൂണിററു മീററിംഗ് അടുത്ത ആഴ്ച ബൾബിന്റെ വീട്ടിൽ നടത്താം ..അങ്ങനെ അങ്ങനെ പറഞ്ഞു പറഞ്ഞു ബൾബ് അങ്ങ് സൂപ്പർഹിററ് ആയി..!

ഇവനെ ബൾബ് എന്ന് വിളിക്കാൻ തുടങ്ങിയതിനു ശേഷം ഇവന്റെ ഏക ചേട്ടായി ഒരുത്തൻ ഉള്ളതിനെ ട്യൂബ് എന്നും പരപ്പിലെ ലോക്കൽ പിള്ളേര് പേര് ഇട്ടു. അതുപിന്നെ അവനോടു എന്തെങ്കിലും പറഞ്ഞു കഴിഞ്ഞാ കത്തി വരാൻ ഉള്ള ടൈം കൂടി കണക്കിലെടുത്താൽ ആരും ഇട്ടുപോകുന്ന പേര് ആണ്.. രൂപ സാമ്യവും ഉണ്ട്.. ബൾബ് ഒരുമാതിരി തിന്നു വീർത്ത് വയറുചാടി ഷർട്ടിന്റെ ലാസ്റ്റ് ബട്ടനും കളസതിന്റെ ആദ്യബട്ടനും ജനിച്ചിട്ടിതുവരെ ഇടാൻ സാധിക്കാതെ നടക്കുന്ന രൂപം.. ചേട്ടൻ ട്യൂബ് ആണെങ്കിൽ അഞ്ചിലെ സാമൂഹ്യം ബുക്കിൽ ക്വാഷിയോർക്കർ ബാധിച്ച കുട്ടിയുടെ പടത്തിൽ കാണുന്ന ടൈപ്പ് ഒരുത്തൻ. ബൾബും ട്യൂബും കൂടി ആയപ്പോ ഒരു പ്രാസവും ആയി.!

ആശുപത്രിയിൽ കൊണ്ടുപോകേണ്ട അവസരം ഒരിക്കൽ ട്യൂബും ഉണ്ടാക്കിയിട്ടുണ്ട്..അന്ന് ഇവൻ വെശന്നിട്ടു ആണോ എന്ന് അറിയില്ല , വീട്ടിൽ ഉണ്ടായിരുന്ന പനിയുടെം കൃമികടിയുടെം ഒക്കെ ആയി കൊറേ ഗുളിക എടുത്തു തിന്നു,ദാഹം മാററാൻ വേണ്ടി കൊറേ ജെലൂസിലും ചൊമയുടെ മരുന്നും ചെവിയിൽ ഒഴിക്കണ മരുന്നും ഒക്കെ എടുത്തു അകത്താക്കി,മരുന്ന് വെച്ചിരുന്ന ഡബ്ബ ക്ലീൻ ആക്കി കൊടുത്തു.. അന്ന് ഇവനേം പൊക്കി ആശുത്രിയിൽ പോയി ശർദ്ധിപ്പിച്ചും വയറിളക്കിയും ആണ് ജീവൻ രക്ഷിച്ചു എടുത്തത്.!

ട്യൂബ് ആത്മഹത്യാ ശ്രമം ഒക്കെ നടത്തിയിട്ടും ഉണ്ട്.! ഇവൻ ആറിൽ പഠിക്കുമ്പോ എങ്ങാനും ഇവനെ ടൂർ വിട്ടില്ല എന്ന് പറഞ്ഞു ,ഇവൻ ഒരു കയർ ഒക്കെ എടുത്തു വീട്ടിൽ ഉള്ള ഒരു പേരയുടെ കൊമ്പിൽ ഒക്കെ കെട്ടി മറേറയററം കഴുത്തിലും കെട്ടി. മര്യാദയ്ക്ക് ഊരാക്കുരുക്ക് ഇടാൻ അറിയാത്തത് കൊണ്ട് ഇവൻ കഴുത്തേൽ കയറുമായി നിന്ന് തൂങ്ങി, ആദ്യം കണ്ടു രക്ഷിക്കാൻ ഓടി ചെന്നത് ബൾബ്! തൂങ്ങി ചാകാൻ പോകുന്നവന്റെ കാലു നിലത്തു മുട്ടിച്ചാൽ രക്ഷപെടുത്താം എന്ന ബുദ്ധിയും ആലോചിച്ചു ട്യൂബിന്റെ കാലു വലിച്ചു നിലത്തു മുട്ടിക്കാൻ ബൾബിന്റെ ശ്രമം ! രണ്ടിന്റേം ബഹളം കേട്ട് അപ്പന് സമയത്തിന് ഓടിവന്നു രക്ഷിക്കാൻ കഴിഞ്ഞത് ട്യൂബിന്റെ ഭാഗ്യം..!

ഒരു പ്രാവശ്യം ഈ രണ്ടു കുരിപ്പുകൾ കാരണം പോലീസ് വരേണ്ടി വന്നിട്ടും ഉണ്ട്.! ഇവന്റെ അപ്പൻ ഒരു ദിവസം വെളുപ്പിനെ എണീച്ചു പണിക്കുപോകാൻ വേണ്ടി ഇറങ്ങുമ്പോ വീടിന്റെ വരാന്തയിൽ ഒരു പിസ്ടോൾ ഇരിക്കുന്നു! അപ്പനും അമ്മേം ഒക്കെ വട്ടം കൂടി നിന്ന് നോക്കി, പിന്നെ നാട്ടുകാര് കൂടി ,തോക്ക് കൈ കൊണ്ട് തൊടാൻ ഒരുത്തനും വയ്യ ! ഏതേലും കള്ളന്മാർ വീട്ടിൽ കക്കാൻ വന്നിട്ട് മറന്നു വെച്ചതായിരിക്കും എന്നൊക്കെ എല്ലാരും സംശയിച്ചു , ഓരോ തലമൂത്ത കുരിപ്പുകൾ അകലെ നിന്ന് നോക്കി തോക്കിന്റെ എക്സാററ് സ്പെസിഫിക്കേഷൻ വരെ അവിടെ നിന്ന് വിളമ്പി .. ഒരു വെള്ള തുണി കൂട്ടി പിടിച്ചു വിരലടയാളം പതിയാത്ത വിധം തോക്ക് അവിടെ നിന്ന് എടുത്തു നോക്കാം എന്നൊക്കെ പ്ലാൻ ചെയ്തു നിക്കുന്ന സമയം ,ആരാണ്ടും അതിനിടയ്ക്ക് വരാപ്പുഴ പോലീസ് സ്റ്റേഷനിൽ വിളിച്ചു അറിയിച്ചു എസ്.ഐ നിമിഷ നേരം കൊണ്ട് പാഞ്ഞെത്തി. ആ ബഹളം കേട്ട് ഒരു എട്ടു എട്ടര ആയപ്പോഴേക്കും ബൾബും ട്യൂബും കൂടി ഉറക്കം എണീച്ചു വന്നു സത്യം വെളിപ്പെടുത്തി, തലേ ദിവസം അമ്മച്ചിയുടെ ഒപ്പം കുടുമ്മ യൂണിററു മീററിങ്ങിനു പോയ വീട്ടിൽ നിന്നും അടിച്ചുമാററി കൊണ്ട് വന്നതാണ് ,കോഴിക്കുഞ്ഞിനെ ഒക്കെ വെടിവെക്കുന്ന ടൈപ്പ് ,മഞ്ഞേം ചോമലേം മുത്ത് ഒക്കെ ഇട്ടു വെടിവെക്കുന്ന സാധനം! ഏതായാലും എസ്.ഐ കേസ് ഒന്നും എടുത്തില്ല !

ഉച്ച കഴിഞ്ഞപ്പോഴേക്കും ബൾബും ട്യൂബും കൂടി ഒരു പാട്ട സൈക്കിളും തള്ളി ,അതിന്റെ പുറകിൽ ഒരു കാഡ്ബോഡ് പെട്ടിയും വെച്ചോണ്ട് വന്നു ..

“വിൻചേട്ടാ, ലാബ്രഡോഗ് കിട്ടിയില്ല. ജർമ്മൻ ഷിപ്യാഡ് മതിയാ.? ഒരു എണ്ണം കിട്ടിയുള്ളൂ. ആണാണ് ..”

“അടെ,ജർമ്മൻ ഷെപ്പേഡ്.. ഷെപ്പേഡ്.. ഇതിനു ഒടുക്കത്തെ കാശ് ആകുമെടെ..”

“ഇല്ല വിൻചേട്ടാ.. ഇതിനും അഞ്ഞൂറ് രൂവ തന്നെ ഉള്ളൂ..”

അവന്മാര് രണ്ടും കൂടി ഒരുവിധത്തിൽ കാഡ്ബോഡ് പെട്ടി തുറന്നു ,തുറക്കാൻ നോക്കി നിന്ന താമസം ,അത്യാവശ്യം സൈസ് ഉള്ള ഒരു പട്ടിക്കുഞ്ഞു ചാടി പുറത്തു വന്നു !

“അടെ,ഇത് തീരെ കുഞ്ഞു അല്ലല്ലോ! എവിടന്നു ഒപ്പിച്ചടെ..?”

“അത്, ആ പള്ളിയുടെ അവിടെ എന്റെ കൂട്ടുകാരന്റെ വീട് ഉണ്ട്..അവിടെ ചെന്ന് വാങ്ങിച്ചതാ..ചേട്ടൻ അഞ്ഞൂറ് രൂവ താ.. ഇപ്പ തന്നെ കൊണ്ട് പോയി കൊടുക്കാനാ.”

ഞാൻ പൈസ എടുത്തു കൊടുത്തു ..

പട്ടിയെ കിട്ടിയ കഥ ഞാൻ ഡാഡിയോട് പറഞ്ഞപ്പോ ഡാഡി ഊഹിച്ച കാര്യം ശെരിയാണെന്ന് പിറ്റേന്ന് പള്ളിയിൽ ചെന്നപ്പോ മനസ്സിലായി. വികാരി അച്ചൻ വെല്ല്യ കാര്യത്തിനു വാങ്ങിച്ച ജർമ്മൻ ഷെപ്പേഡ് പട്ടിക്കുഞ്ഞിനെ കാണാൻ ഇല്ലാന്ന് കപ്യാര് പറഞ്ഞു അറിഞ്ഞു!

പരപ്പിലെ കുറിപ്പുകൾ - കുറിപ്പ്നെസ് തുടർന്ന് കൊണ്ടേ ഇരിക്കും!!